# SREE SANKARACHARYA UNIVERSITY OF SANSKRIT, KALADY

## Confirmed Minutes of the 02/24 (215th) Meeting of the Syndicate held on 12.03.2024 at 11.00 a.m at University Head Quarters, Kalady

**Members Present:**

1. ഡോ. എം.വി. നാരായണൻ, വൈസ് ചാൻസലർ, അദ്ധ്യക്ഷൻ - ഒപ്പ്
2. ഡോ. കെ. മുത്തുലക്ഷ്മി, പ്രോ വൈസ് ചാൻസലർ - ഒപ്പ്
3. ഡോ. ശിവദാസൻ പി, സിൻഡിക്കേറ്റംഗം - ഒപ്പ്
4. ഡോ. രാമൻകുട്ടി പി.വി., സിൻഡിക്കേറ്റംഗം - ഒപ്പ്
5. ഡോ. ടോമി ജോസഫ്, സിൻഡിക്കേറ്റംഗം - ഒപ്പ്
6. ഡോ. ബിച്ചു എക്സ് മലയിൽ, സിൻഡിക്കേറ്റംഗം - ഒപ്പ്
7. ഡോ. സി. എം മനോജ് കുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
8. അഡ്വ. കെ. പ്രേംകുമാർ MLA, സിൻഡിക്കേറ്റംഗം - ഒപ്പ്
9. പ്രൊഫ. ഡി. സലിംകുമാർ, സിൻഡിക്കേറ്റംഗം - ഒപ്പ്
10. ഡോ. എം. മണിമോഹനൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
11. പ്രൊഫ. മോഹൻദാസ് എസ്, സിൻഡിക്കേറ്റംഗം - ഒപ്പ്
12. ഡോ. ആർ. ശശിധരൻ, സിൻഡിക്കേറ്റംഗം - ഒപ്പ്
13. ഡോ. ബീന ഐസക്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
14. പ്രൊഫ. തോമസ് കെ ജോബ്, സിൻഡിക്കേറ്റംഗം - ഓൺലൈൻ
15. ശ്രീ. സാജുകുമാർ എൻ, ജോയിന്റ് സെക്രട്ടറി,
    ഉന്നതവിദ്യാഭ്യാസ വകുപ്പ് - ഓൺലൈൻ

കൂടാതെ ഡോ. ഉണ്ണികൃഷ്ണൻ പി. (രജിസ്ട്രാർ ഇൻ ചാർജ്ജ്) പങ്കെടുത്തു.

# MAIN AGENDA

## Item No. 1

Report of the Vice Chancellor

യോഗത്തിലേക്ക് എല്ലാ അംഗങ്ങളേയും സ്വാഗതം ചെയ്യുന്നു.

പ്രമുഖ ഭരണഘടന നിയമജ്ഞനായ ശ്രീ ഫാലി സാം നരിമാൻ, ദളിത് ബന്ധു ശ്രീ.എൻ.കെ ജോസ്, എഴുത്തുകാരനും കേരള സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ ശ്രീ. യു. കലാനാഥൻ എന്നിവരുടെ നിര്യാണത്തിലും രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്ത് കർമ്മനിരതരായിരുന്നവരുടെ നിര്യാണത്തിലും ഈ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

12.02.2024 തീയതിയിലെ 214-ാം സിൻഡിക്കേറ്റ് യോഗത്തിനുശേഷം സർവകലാശാലയിലുണ്ടായിട്ടുള്ള പ്രധാനപ്പെട്ട സംഭവങ്ങൾ അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് 18.02.2024 ന് കോഴിക്കോട് മലബാർ ക്രിസ്റ്റ്യൻ കോളേജിൽ സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുമായുള്ള മുഖാമുഖം പരിപാടിയിൽ സർവകലാശാലയിൽ നിന്നും പത്ത് വിദ്യാർത്ഥികൾ പങ്കെടുത്തു. രണ്ടാം വർഷ എം.എ ഹിന്ദി വിദ്യാർത്ഥിനി കുമാരി. ആര്യ ഭിന്നശേഷി വിഭാഗക്കാരായ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

2. അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കാത്ത സാഹചര്യത്തിൽ, 2024 ഫെബ്രുവരി 19 ന് നിശ്ചയിച്ചിരുന്ന അക്കാദമിക് കൗൺസിൽ യോഗം റദ്ദാക്കുകയും അനിശ്ചിതകാലത്തേക്ക് നീട്ടി വയ്ക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

3. ഭിന്നശേഷി വിദ്യാർത്ഥികൾ, മാതാപിതാക്കൾ, അദ്ധ്യാപകർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സർവകലാശാലയിലെ സാമൂഹിക വിഭാഗവും അങ്കമാലി ബിആർസി-യും സംയുക്തമായി സംഘടിപ്പിച്ച ഒരു ബോധവൽക്കരണ ക്ലാസ് "സ്പർശം 2024" 2024 ഫെബ്രുവരി 28 ന് സർവകലാശാലയിൽ നടന്നു.

4. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി 2015 ഡിസംബർ 1 ന് മുമ്പ് പിഎച്ച്ഡിക്ക് രജിസ്റ്റർ ചെയ്ത് നാളിതുവരെ പ്രബന്ധം സമർപ്പിക്കാത്ത ഗവേഷകർക്കായി 2024 മാർച്ച് 4-ാം തീയതി ഒന്നാം ഘട്ട ഗവേഷക അദാലത്ത് നടക്കുകയും മലയാളം, സംസ്കൃത വേദാന്തം, ട്രാൻസ്‌ലേഷൻ സ്റ്റഡീസ്, ഭരതനാട്യം, മോഹിനിയാട്ടം, സൈക്കോളജി, ഉറുദു, മ്യൂസിക് എന്നീ വിഭാഗങ്ങളിൽ നിന്നും 35 ഗവേഷകർ പങ്കെടുക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് അക്കാദമിക് വിഭാഗങ്ങളിൽ നിന്നുമുള്ള ഗവേഷകരുടെ അദാലത്ത് മാർച്ച് 16-ാം തീയതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

5. യൂറോപ്യൻ യൂണിയന്റെ Erasmus Plus Students Exchange Scholarship Scheme ൽ സർവകലാശാലയും സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയും തമ്മിലുള്ള Students Exchange ന്റെ ഭാഗമായി ഗവേഷക വിദ്യാർത്ഥി കളുടെ കൈമാറ്റത്തിനുവേണ്ടി സംസ്കൃത സർവകലാശാലയിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചതനുസരിച്ച് പ്രൊപ്പോസൽ സമർപ്പിച്ച 6 ഗവേഷക വിദ്യാർത്ഥികളുമായി കൂടിക്കാഴ്ച നടത്തി അവരുടെ പ്രൊപ്പോസലുകൾ മികവുറ്റതാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

6. കേന്ദ്ര സംഗീത നാടക അക്കാദമിയുടെ 2022 വർഷത്തിലെ പുരസ്കാരത്തിന് അർഹനായ തീയറ്റർ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസറായ ശ്രീ.എ.കെ മധുവിനെ അഭിനന്ദിക്കുന്നു.

7. മുപ്പത്തിയൊന്നാമത് കേരള സംസ്ഥാന ടെലിവിഷൻ അവാർഡ് ജേതാക്കളായ തീയറ്റർ വിഭാഗം പൂർവ്വ വിദ്യാർത്ഥിനി ആതിര നിഗത്തിൽ, ഭരതനാട്യ വിഭാഗം പൂർവ്വ വിദ്യാർത്ഥിനി ശിശിര. എസ്. മുദുൽ, കേന്ദ്ര ഗോത്ര വികസന മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ആന്തമാൻ അഡിംജോൻജാതി വികാസ് സമിതിയിൽ ഒന്നാം റാങ്കോടുകൂടി ട്രൈബൽ വെൽഫയർ ഓഫീസറായി നിയമനം ലഭിച്ച സോഷ്യോളജി വിഭാഗത്തിലെ പൂർവ്വ വിദ്യാർത്ഥി അശ്വന്ത് എന്നിവർക്ക് അഭിനന്ദനങ്ങൾ.

8. സർവകലാശാലയിലെ വിവിധ അക്കാദമിക വകുപ്പുകളും, ശ്രീ. ശങ്കരാചാര്യ അന്താരാഷ്ട്ര പഠന കേന്ദ്രവും സെമിനാറുകളും വെബിനാറുകളും ശില്പശാലകളും, സംസ്കൃതപ്രചാരണ വിഭാഗത്തിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ മാതൃകാ വിദ്യാലയങ്ങളിൽ സാംസ്കാരിക പരിപാടികളും ഇക്കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്.

എല്ലാവരുടേയും സഹകരണവും ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് അജൻഡകളിൽമേലുള്ള ചർച്ചകൾക്കായി ഏവരേയും ക്ഷണിച്ചുകൊള്ളുന്നു.

## Item No. 2

2023-24 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റും 2024-25 വർഷത്തെ വാർഷിക ബഡ്ജറ്റും അംഗീകരിക്കുന്നത് സംബന്ധിച്ച്.

12.03.2024 ൽ കൂടിയ സ്റ്റാറ്റ്യൂട്ടറി ഫിനാൻസ് കമ്മിറ്റിയുടെ ശിപാർശകളോടെ ഫിനാൻസ്, ഓഡിറ്റ് & അക്കൗണ്ട്സ് സ്റ്റാൻഡിംഗ് കമ്മിറ്റി കൺവീനർ പ്രൊഫ. ഡി. സലിംകുമാർ അവതരിപ്പിച്ച 2023 - 24 വർഷത്തെ റിവൈസ്ഡ് ബഡ്ജറ്റ് അംഗീകരിക്കാനും 2024-25 വർഷത്തെ വാർഷിക ബഡ്ജറ്റ് അംഗീകരിക്കാനും തീരുമാനിച്ചു.

# BUDGET ESTIMATES FOR 2024-25 AT A GLANCE

## RECEIPTS

| Accounts 2022-23 | Budget Estimates 2023-24 | Actual Receipt upto 31.12.2023 | Revised Estimates 2023-24 | Head | Budget Estimates 2024-25 |
|---|---|---|---|---|---|
| 71,06,06,952 | 78,13,11,200 | 57,72,17,366 | 78,07,59,100 | PART I - NON PLAN | 79,08,00,000 |
| 8,52,24,721 | 29,51,00,000 | 8,97,29,167 | 29,51,00,000 | PART II - PLAN | 28,38,00,000 |
| 32,86,667 | 42,00,000 | 1,48,552 | 42,00,000 | PART III - EARMARKED FUNDS | 42,00,000 |
| 21,04,12,459 | 32,88,30,000 | 14,35,39,407 | 32,83,30,000 | PART IV - DEBTS & DEPOSITS | 33,32,00,000 |
| **1,00,95,30,799** | **1,40,94,41,200** | **81,06,34,492** | **1,40,83,89,100** | **TOTAL RECEIPTS** | **1,41,20,00,000** |

## EXPENDITURE

| Accounts 2022-23 | Budget Estimates 2023-24 | Actual Expenditure upto 31.12.2023 | Revised Estimates 2023-24 | Head | Budget Estimates 2024-25 |
|---|---|---|---|---|---|
| 74,65,45,454 | 99,20,67,800 | 53,70,87,638 | 80,07,00,000 | PART I - NON PLAN | 97,95,00,000 |
| 10,64,80,508 | 29,57,00,000 | 3,90,03,852 | 29,51,00,000 | PART II - PLAN | 28,38,00,000 |
| 44,85,072 | 42,00,000 | 9,72,548 | 42,00,000 | PART III - EARMARKED FUNDS | 42,00,000 |
| 19,80,81,653 | 32,88,30,000 | 14,52,74,957 | 32,88,30,000 | PART IV - DEBTS & DEPOSITS | 33,32,00,000 |
| **1,05,55,92,687** | **1,62,07,97,800** | **72,23,38,995** | **1,42,88,30,000** | **TOTAL EXPENDITURE** | **1,60,07,00,000** |

## ADDITIONAL AGENDA

### Item No. 1

Award of Ph.D Degree

a) Smt. Devi K. in English [No. EA/PhD/783/SSUS/2023(1)]
b) Smt. Udaya K. in Sanskrit Vyakarana [No. EA/PhD/800/SSUS/2023(1)]
c) Smt. Elsa Sunny M. in History [No. EA/PhD/788/SSUS/2023(1)]
d) Smt. Soumya Thomas in Malayalam [No. EA/PhD/775/SSUS/2023(1)]
e) Smt. Sudhina V.S in Sanskrit Sahitya [No. EA/PhD/797/SSUS/2023(1)]
f) Smt. Jesly Jacob in Social Work [No. EA/PhD/812/SSUS/2023(1)]

Considering the recommendations of the Board of Adjudicators, constituted to evaluate Ph.D thesis, it is resolved to award Ph.D to the following Research Scholars on the date of Viva Voce held as noted against each.

| Sl.No. | Name | Faculty | Date of Viva Voce |
|---|---|---|---|
| a) | Smt. Devi.K | Faculty of Foreign Languages | 08.02.2024 |
| b) | Smt. Udaya K. | Faculty of Sanskrit Grammar | 09.02.2024 |
| c) | Smt. Elsa Sunny M. | Faculty of Arts and Social Sciences | 06.02.2024 |
| d) | Smt. Soumya Thomas | Faculty of Indian Languages | 13.02.2024 |
| e) | Smt. Sudhina V.S | Faculty of Sanskrit Literature | 13.02.2024 |
| f) | Smt. Jesly Jacob | Faculty of Arts and Social Sciences | 06.03.2024 |

a) Smt. Devi K. in English under the Faculty of Foreign Languages for the Ph.D thesis titled **“Female Performative Discourses: The Emerging Aesthetics in the Plays of Dina Mehta, Poile Sengupta and Manjula Padmanabhan”,** under the guidance of Dr. Raji B. Nair, Professor, Department of English, SSUS, Kalady.

b) Smt. Udaya K. in Sanskrit Vyakarana under the Faculty of Sanskrit Grammar for the Ph.D thesis titled **“MAHĀBHĀṢYADIŚĀ PĀṆINĪYASAMÑJĀSŪTRĀṆĀM SAMĪKṢĀTMAKAMADHYAYANAM”**, under the guidance of Dr. M. Manimohanan, Professor (Rtd.), Department of Sanskrit Vyakarana, SSUS, Kalady.

c) Smt. Elsa Sunny M. in History under the Faculty of Arts and Social Sciences for the Ph.D thesis titled **“Transformation in Agrarian Life: Reflections and Representations from Princely Cochin”,** under the guidance of Dr. Sheeba K.M., Professor, Department of History, SSUS, Kalady.

d) Smt. Soumya Thomas in Malayalam under the Faculty of Indian Languages for the Ph.D thesis titled **“യാത്രാവിവരണങ്ങളും ലിംഗപദവിയും: മലയാള മാതൃകകൾ മുൻനിർത്തിയുള്ള പഠനം”,** under the guidance of Dr. Sunil P. Elayidom, Professor, Department of Malayalam, SSUS, Kalady.

e) Smt. Sudhina V.S. in Sanskrit Sahitya under the Faculty of Sanskrit Literature for the Ph.D thesis titled **“Contribution of Subbarama Pattar to Sanskrit Studies”,** under the guidance of Dr. N.K. Lalana, Associate Professor (Rtd.), Department of Sanskrit Sahitya, SSUS, Kalady.

f) Smt. Jesly Jacob in Social Work under the Faculty of Arts and Social Sciences for the Ph.D thesis titled **“Critical Thinking, Creativity and Research Self-Efficacy: An Interventional Analysis with MSW Students in Central Kerala”,** under the guidance of Dr. Jose Antony, Professor, Department of Social Work, SSUS, Kalady.

## Item No. 2

അദ്ധ്യാപക തസ്തികകളുടെ പുനർവിന്യാസം സംബന്ധിച്ച്.

ബന്ധപ്പെട്ടവരുമായി ഒരു വട്ടം കൂടി ചർച്ച ചെയ്തതിനു ശേഷം തീരുമാനമെടുക്കുന്നതിനായി അടിയന്തിര സിൻഡിക്കേറ്റ് യോഗം വിളിച്ച് ചേർക്കാൻ തീരുമാനിച്ചു.

## Item No. 3

ശ്രീമതി. ഐഷ എം. എസ്. – സസ്പെൻഷൻ കാലയളവിലെ ശമ്പളവും ആനുകൂല്യങ്ങളും അനുവദിക്കുന്നത് – സ്റ്റാൻഡിംഗ് കൗൺസിലിന്റെ നിയമോപദേശം സമർപ്പിക്കുന്നത് സംബന്ധിച്ച്. [No.01956/ADA1/SSUS/ 2023]

06.03.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീമതി. ഐഷ എം. എസ്. ഫയൽ ചെയ്ത WP (C) No. 18365/2018 കേസിലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 60 വയസ്സുവരെ സർവീസിൽ തുടർന്ന ശ്രീമതി. ഐഷ എം. എസ്. ന്റെ പ്രസ്തുത ഹർജിയിലെ അന്തിമ വിധിക്ക് ശേഷം സസ്പെൻഷൻ കാലയളവിലെ ശമ്പളവും ആനുകൂല്യവും ക്രമീകരിക്കാമെന്ന് തീരുമാനിച്ചു.

## Item No. 4

ഇംഗ്ലീഷ് വകുപ്പ് പ്രൊഫസർ ഡോ. രാജി ബി. നായരുടെ പ്രൊഫസർ പ്ലേസ്മെന്റ് തീയതി സംബന്ധിച്ച്. (No. 00412/ADA2/SSUS/2024)

03.02.2023 തീയതിയിലെ 205-ാം നമ്പർ സിൻഡിക്കേറ്റ് മിനിറ്റ്സ് ഔട്ട് ഓഫ് അജൻഡ ഇനം നമ്പർ 5 പ്രകാരം CAS പ്രൊമോഷന് പരിഗണിക്കേണ്ടത് അപേക്ഷാ തീയതി അല്ലെന്നും എലിജിബിലിറ്റി തീയതിയാണെന്നും തീരുമാനിച്ചിരുന്നു. 06.03.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് പ്രസ്തുത തീരുമാനം മേൽ സിൻഡിക്കേറ്റിന്റെ തീയതിക്കു ശേഷം നടക്കുന്ന CAS പ്രൊമോഷനുകൾക്ക് മാത്രം ബാധകമാക്കുന്നതിനും ആയതിനാൽ ഡോ. രാജി ബി നായരുടെ പ്രൊഫസർ പ്ലെയ്സ്മെന്റ് തീയതി മാറ്റേണ്ടതില്ലെന്നും തീരുമാനിച്ചു.

## Item No. 5

ശ്രീ. ശ്രീഗോപൻ. ബി.എസ് - അനധികൃതമായി വകുപ്പിൽ ഹാജരാകാതിരിക്കുകയും അവധി അപേക്ഷ സമർപ്പിക്കാതിരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് - സ്റ്റാൻഡിംഗ് കൗൺസിലിൽ നിന്നും ലഭിച്ച നിയമോപദേശം തീരുമാനത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്. (No. Ad.A1/19728/ SSUS/2021)

06.03.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ശ്രീ. ശ്രീഗോപൻ. ബി.എസ് അനധികൃതമായി ഹാജരാകാതെയും അവധി അപേക്ഷ സമർപ്പിക്കാതിരിക്കുകയും ചെയ്ത തീയതികൾ / ദിവസങ്ങൾ LWA ആയി കണക്കാക്കി ക്രമീകരിക്കുന്നതിന് തീരുമാനിച്ചു. അവധിക്ക് തൊട്ട് മുമ്പ് / ശേഷം ഉള്ള ദിവസം മാത്രം ഹാജരായി ഒപ്പിട്ട് വെക്കേഷൻ സാലറി വാങ്ങിയിട്ടുണ്ടെങ്കിൽ അത് തിരിച്ച്പിടിക്കുന്നതിനും തീരുമാനിച്ചു.

**Item No. 6 (a)**

സർവ്വകലാശാലയിലെ അധികമായി കണ്ടെത്തിയ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ പുനർവിന്യാസം ചെയ്ത് ഭരണ നിർവഹണത്തിനു അത്യാവശ്യമുള്ള മറ്റു തസ്തികകളാക്കി മാറ്റുന്നത് സംബന്ധിച്ച്. (No. 00209/ADB3/SSUS/2024(1))

&

**Item No. 6 (b)**

അധികമായി കണ്ടെത്തിയ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ മറ്റ് തസ്തതികകളായി കൺവേർട്ട് ചെയ്യുമ്പോൾ ക്ലറിക്കൽ അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തണമെന്ന അപേക്ഷ സംബന്ധിച്ച്. (No.00209/ADB3/SSUS/2024)

വിശദ പഠനത്തിനായി മാറ്റി വെച്ചു.

**Item No. 7**

കെൽട്രോണിന് ബാങ്ക് ഗ്യാരണ്ടി തിരിച്ചു നൽകുന്നതുമായി ബന്ധപ്പെട്ട ലീഗൽ ഒപ്പീനിയൻ സംബന്ധിച്ച്. (No. IT1/2607/SSUS/2014)

06.03.2024 ൽ നടന്ന സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ഫിനാൻസ് കമ്മിറ്റിയുടെ ശിപാർശക്ക് വിധേയമായി അംഗീകരിക്കാമെന്ന് തീരുമാനിച്ചു.

**Item No. 8**

ശ്രീ. സതീഷ് കുമാർ. കെ.എ – അച്ചടക്ക നടപടി - സംബന്ധിച്ച്. (No. Ad.A1/2932/SSUS/2019)

ശ്രീ. സതീഷ് കുമാർ. കെ.എ ക്കെതിരായ അച്ചടക്കനടപടി പൂർത്തീകരിച്ച റിപ്പോർട്ട് നൽകണമെന്നും റിപ്പോർട്ട് പ്രകാരം കുറ്റക്കാരനെന്ന് കണ്ടെത്തി ശിക്ഷാ നടപടി കൈക്കൊള്ളുന്നതാണെന്നും നിർദ്ദേശിച്ച സിൻഡിക്കേറ്റ് തീരുമാനം 02.02.2024 തീയതിയിലെ കത്ത് മുഖാന്തിരം, മറുപടി ഉണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനായി ശ്രീ. സതീഷ് കുമാർ. കെ.എ -യെ അറിയിച്ചിട്ടുള്ളതാണ്. 16.02.2024 ൽ ശ്രീ. സതീഷ് കുമാർ. കെ.എ സമർപ്പിച്ച മറുപടിയിൽ ടിയാൻ ഫയൽ ചെയ്തിട്ടുള്ള WP © 21131/23 നമ്പർ കേസിലെ വിധി വന്ന ശേഷം 20 ദിവസം മറുപടിക്കായി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയും മുൻ കത്തുകളിലെ നിലപാട് ആവർത്തിക്കുകയുമാണ് ചെയ്തത്. WP © 21131/23 നമ്പർ കേസ് 21.02.2024 തീയതി ഹർജിക്കാരൻ ഉന്നയിച്ച ആവശ്യങ്ങൾ നിരസിച്ച് തള്ളിയിട്ടുള്ളതാണ്. കേസ് തീരുമാനമായ ശേഷം ശ്രീ. സതീഷ് കുമാർ. കെ. എ യാതൊന്നും എഴുതി സമർപ്പിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സസ്പെൻഷനിൽ തുടരുന്ന ശ്രീ. സതീഷ് കുമാർ. കെ.എ-ക്കെതിരെയുള്ള അച്ചടക്ക നടപടിയും ശിക്ഷാ നടപടിയും നിയമാനുസൃതം പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചു.

1. കുറ്റാരോപണ മെമ്മോയിൽ കുറ്റം 1 പ്രകാരം ശ്രീ. സതീഷ് കുമാർ. കെ.എ സർവകലാശാല ഉത്തരവുകളും മുൻ അച്ചടക്കനടപടികളും അവഗണിച്ചും അവഹേളിച്ചും തെറ്റായി NCC - ക്യാപ്റ്റൻ പദവി രേഖപ്പെടുത്തി പ്രവർത്തിച്ചിട്ടുള്ളതാണ്. ഈ പ്രവൃത്തി കുറ്റം 2 പ്രകാരം സർവകലാശാല NCC പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിനുതകുന്നുവെന്ന് തെളിഞ്ഞിട്ടുള്ളതാണ്. കുറ്റം 3 പ്രകാരം ടിയാൻ സർവകലാശാല നിയമ വ്യവസ്ഥിതിയേയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയേയും നിഷേധിച്ച്

വെല്ലുവിളിക്കുന്നതായും തെളിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തികൾ കുറ്റം 4 പ്രകാരം സർവകലാശാലയുടെ അക്കാദമിക ഭരണ സംവിധാനങ്ങൾക്ക് വിഘാതമാകുന്നതാണെന്നും ഗുരുതരമായ അച്ചടക്കലംഘനവും അധ്യാപക വൃത്തിക്ക് അയോഗ്യതയും സർവകലാശാലയുടെ അന്തസ്സിനും അച്ചടക്കത്തിനും ക്ഷതമേൽപ്പിക്കുന്നതുമാണ്.

മേൽ വിവരിച്ച കുറ്റാരോപണ മെമ്മോ പ്രകാരമുള്ള അന്വേഷണ നടപടികൾ പ്രതിരോധിക്കുന്നതിനും തന്റെ ഭാഗം വിശദീകരിക്കുന്നതിനുമുള്ള സ്വാഭാവിക നീതി ലഭിക്കുന്നതിനുമുള്ള അവസരം ശ്രീ. സതീഷ് കുമാർ. കെ.എ ക്ക് അനുവദിച്ചിട്ടുണ്ട്. അതിനാൽ മേൽ വിവരിച്ച കാര്യങ്ങൾക്ക് നിയോഗിച്ച അന്വേഷണ കമ്മറ്റി സമർപ്പിച്ചിട്ടുള്ള 09.05.2023 തീയതിയിലെ അന്വേഷണ റിപ്പോർട്ട് പൂർണ്ണമായി അംഗീകരിക്കാൻ തീരുമാനിച്ചു.

കർത്തവ്യ നിർവ്വഹണത്തിന്റെ ഭാഗമായി അധ്യാപകൻ കൈവരിക്കുന്ന നേട്ടങ്ങളിലൂടെയും അക്കാദമിക പുന:സംഘടന, നൂതന ഇൻഫർമേഷൻ സാങ്കേതിക വിജ്ഞാനം കൈവരിക്കൽ എന്നിങ്ങനെ വൈവിധ്യങ്ങളിലൂടെയും അക്രഡിറ്റേഷൻ കാര്യങ്ങൾക്കും സർവകലാശാലയ്ക്ക് മുതൽക്കൂട്ടാവണമെന്നിരിക്കെ ഇക്കാര്യങ്ങളിലെല്ലാം വൈരുദ്ധ്യവും, വിമുഖ സമീപനവും സ്വീകരിച്ച് യാതൊരു പ്രൊഫഷണൽ നേട്ടങ്ങളും ചൂണ്ടിക്കാണിക്കാനില്ലാതെ സർവകലാശാലക്കെതിരായി മാത്രം പ്രവർത്തിക്കുന്നതിന് സമയം വിനിയോഗിക്കുന്ന വ്യക്തിയാണ് ശ്രീ. സതീഷ് കുമാർ. കെ.എ.

2. ശ്രീ. സതീഷ് കുമാർ. കെ.എ-ക്കെതിരായി കണ്ടെത്തി തെളിഞ്ഞിട്ടുള്ള കുറ്റങ്ങൾ പ്രകാരം ടിയാൻ സർവകലാശാലക്കെതിരായി പ്രവർത്തിക്കുന്നതിന്റെ ഗൗരവം പരിഗണിച്ചും NAAC അക്രഡിറ്റേഷൻ നേടിയിട്ടുള്ള സർവകലാശാലയുടെ യശസ്സിന് കളങ്കം വരുത്തുകയും അക്കാദമിക പുരോഗതിക്ക് വിഘാതമാകുകയും ചെയ്യുന്ന ഇത്തരം പ്രതിലോമ പ്രവർത്ത

നങ്ങളെ തടയുന്നതിന് ഉചിതമായ ശാശ്വത നടപടി എന്ന നിലയിലും, ഉചിത ശിക്ഷയായി ഉടൻ പ്രാബല്യത്തിൽ ടിയാനെ സർവീസിൽ നിന്നും സ്ഥിരമായി നീക്കം ചെയ്യുന്നതിന് തീരുമാനിച്ചു.

**Item No. 9**

Placement of Teachers to the post of Senior Professor/Professor/Associate Professor/Assistant Professor with higher AGP under Career Advancement Scheme in various Departments – reg. (No. Ad.D/6255/CAS-MAL/ 2015(SF))

The Syndicate resolved to approve the recommendations of the Selection Committee and Screening cum Evaluation Committee, constituted for the placement of teachers in various departments, under Career Advancement Scheme, as per the UGC Regulations, 2010 and 2018 and approved the placements as detailed below.

| Sl. No | Date on which Selection/ Screening cum Evaluation Committee held | Name of Teacher & Post held | Placement to the post of | w.e.f | UGC Regulation applicable |
|---|---|---|---|---|---|
| **DEPARTMENT OF HISTORY** | | | | | |
| 1. | 13.02.2024 | Dr.Mini Thomas, Associate Professor | Professor | 01.01.2022 | 2010 |
| **DEPARTMENT OF ENGLISH** | | | | | |
| 2. | 14.02.2024 | Dr. Baburajan P.P Assistant Professor AGP 8000 | Associate Professor Academic Level 13 A | 26.12.2022 | 2018 |
| 3. | | Dr. Ajay S Sekher Assistant Professor AGP 8000 | Associate Professor Academic Level 13 A | 27.05.2023 | 2018 |

| | | | | | |
|---|---|---|---|---|---|
| **DEPARTMENT OF MUSIC** | | | | | |
| 4. | 27.02.2024 | Dr. Manju Gopal<br>Associate Professor AGP 9000 | Professor | 02.02.2021 | 2010 |
| 5. | | Dr. Preethi K<br>Associate Professor AGP 9000 | Professor<br>Academic Level 14 | 01.08.2021 | 2018 |
| 6. | | Sri. Aravindakshan K<br>Assistant Professor AGP 6000 | Assistant Professor<br>AGP 7000 | 08.12.2016 | 2010 |
| **DEPARTMENT OF PHYSICAL EDUCATION** | | | | | |
| 7. | 29.02.2024 | Dr. Dhinu M.R,<br>Associate Professor | Professor<br>AGP 10000 | 01.09.2019 | 2010 |
| **DEPARTMENT OF PHILOSOPHY** | | | | | |
| 8. | 02.03.2024 | Dr. P K Sasidharan<br>Associate Professor | Professor<br>AGP 10000 | 01.06.2016 | 2010 |
| 9. | | Dr. Unnikrishnan P<br>Assistant Professor AGP 7000 | Assistant Professor<br>AGP 8000 | 24.07.2020 | 2010 |
| 10. | | Dr. Sirajul Muneer C<br>Assistant Professor AGP 7000 | AssistantProfessor<br>AGP 8000 | 22.07.2021 | 2010 |
| 11. | | Sri. Sunny P J<br>Assistant Professor AGP 6000 | AssistantProfessor<br>AGP 7000 | 01.06.2016 | 2010 |
| 12. | | Dr. Babu M N<br>Assistant Professor AGP 6000 | Assistant Professor<br>AGP 7000 | 31.12.2015 | 2010 |
| **DEPARTMENT OF MALAYALAM** | | | | | |
| 13. | 05.03.2024 | Dr. Lissy Mathew V<br>Professor AGP 10000 | Senior Professor<br>Academic Level 15 | 26.05.2023 | 2018 |
| 14. | | Dr. G. Reghukumar<br>Assistant Professor AGP 8000 | AssociateProfessor<br>Academic Level 13 A | 01.07.2023 | 2018 |
| 15. | | Dr. Kavitha Raman<br>Assistant Professor<br>AGP 7000 | Assistant Professor<br>AGP 8000 | 14.03.2021 | 2010 |
| 16. | | Dr. Tony K Rapheal<br>Assistant Professor<br>AGP 6000 | Assistant Professor<br>Academic Level 11 | 01.12.2020 | 2018 |

## Item No. 10

ജോഗ്രഫി വകുപ്പിൽ, ഡോ. ഡി. നന്ദകുമാറിന് ആഡ്ജൻക്റ്റ് ഫാക്കൽറ്റിയായി പുനർ നിയമനം നൽകണമെന്ന വകുപ്പ് മേധാവിയുടെ അപേക്ഷ പരിഗണിക്കുന്നത് സംബന്ധിച്ച്. (No. 01298/ADA2/SSUS/2023)

ഡോ. ഡി. നന്ദകുമാറിന് ജോഗ്രഫി വകുപ്പിൽ ആഡ്ജൻക്റ്റ് ഫാക്കൽറ്റിയായി പുനർ നിയമനം നൽകാൻ തീരുമാനിച്ചു.

## Item No. 11

സംസ്കൃതം സാഹിത്യം വകുപ്പ് അഡ്ജൻക്റ്റ് ഫാക്കൽറ്റി ഡോ. സി. രാജേന്ദ്രൻ - ന് പുനർനിയമനം നൽകണമെന്ന അപേക്ഷ സംബന്ധിച്ച്. (No. 04012/ADA2/ SSUS/2023)

ഡോ. സി. രാജേന്ദ്രൻ - ന് സംസ്കൃതം സാഹിത്യം വകുപ്പിൽ അഡ്ജൻക്റ്റ് ഫാക്കൽറ്റിയായി പുനർനിയമനം നൽകാൻ തീരുമാനിച്ചു.

## Item No. 12

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദ്ദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാൻ സമർപ്പിച്ച മറുപടിയിന്മേൽ തുടർ തീരുമാനം കൈക്കൊള്ളുന്നത് സംബന്ധിച്ച്. (No. Ad.A3/17291/SSUS/2022)

കൊയിലാണ്ടി പ്രാദേശിക കേന്ദ്രം ഉർദ്ദു വകുപ്പ് പ്രൊഫസർ ഡോ. കെ.സി. അതാവുള്ളഖാനെതിരായ ശിക്ഷാ നിർദ്ദേശങ്ങൾക്കെതിരായുള്ള ടിയാൻ സമർപ്പിച്ച റെപ്രസെന്റേഷൻ സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതി വിശദമായി പരിശോധിച്ച് ശിപാർശകളോടെ അടുത്ത സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുന്നതിനും പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ടിയാന്റെ സസ്പെൻഷൻ തുടരുവാനും തീരുമാനിച്ചു.

**Item No. 13**

നാല് വർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് maximum intake തീരുമാനിക്കുന്നത് സംബന്ധിച്ച്. (No. 03110/ACDB1/SSUS/2023(1))

27.02.2024 ൽ കൂടിയ FYUGP Core Committee യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ FYUGP പ്രോഗ്രാമുകളിലേക്കുള്ള maximum intake 20 സീറ്റിൽ നിജപ്പെടുത്താൻ തീരുമാനിച്ചു. സാഹചര്യങ്ങൾക്കനുസരിച്ച് സീറ്റിന്റെ എണ്ണം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുവാനും തീരുമാനിച്ചു.

**Item No. 14**

Procedure for disciplinary action in case of Teachers – Amendment of Statutes – reg. (No. 01007/LEG1/SSUS/2024)

സ്റ്റാഫ് & ലീഗൽ സ്ഥിരം സമിതിയുടെ പരിഗണനയ്ക്ക് വിടാൻ തീരുമാനിച്ചു.

**Item No. 15**

അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ. സുജിത്ത് എസ് - ന്റെ സസ്പെൻഷൻ സംബന്ധിച്ച്. (No. Ad.B/8145/SSUS/2023)

സർവകലാശാല അസിസ്റ്റന്റ് രജിസ്ട്രാർ ചുമതല വഹിക്കുന്ന ശ്രീ. സുജിത്ത് എസ് - ന് എതിരായ കുറ്റാരോപണ മെമ്മോ, ഇക്കാര്യത്തിൽ ശിക്ഷാ നടപടികൾ നിർദ്ദേശിച്ച വൈസ് ചാൻസലറുടെ നടപടിക്രമം, ശിക്ഷാ നിർദ്ദേശങ്ങൾക്കെതിരായി ശ്രീ. സുജിത്ത് എസ് സമർപ്പിച്ച റെപ്രസന്റേഷൻ എന്നിവയും Ad.B/8145/SSUS/2023 പ്രകാരമുള്ള അന്വേഷണവുമായി ബന്ധപ്പെട്ട മുഴുവൻ ഫയൽ രേഖകളും വിശദമായി പരിശോധിച്ച് ഇക്കാര്യത്തിൽ സർവകലാശാല കൈക്കൊണ്ട നടപടികൾ അംഗീകരിച്ചു.

മേൽ വിവരിച്ച കുറ്റാരോപണ മെമ്മോ പ്രകാരം ശ്രീ. സുജിത്ത് എസ് കൃത്യ നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി ബോധ്യപ്പെട്ട് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്ന രേഖകളും തെളിവുകളും ഉള്ളതായി വിലയിരുത്തി. ശ്രീ. സുജിത്ത് എസ്- ന് ടിയാനെതിരായ ആരോപണങ്ങൾ പ്രതിരോധിക്കുന്നതിന് മതിയായ സ്വാഭാവിക നീതിയും അവസരവും നൽകിയിട്ടുണ്ട്. അതിനാൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് അംഗീകരിച്ച് ശ്രീ. സുജിത്ത് എസ്-ന് മാതൃകാപരമായ ശിക്ഷ നൽകി അന്വേഷണ നടപടി അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

ശ്രീ. സുജിത്ത് എസ് -ന് എതിരായ കുറ്റങ്ങളുടെ ഗൗരവം പരിഗണിച്ചും ടിയാന് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് അവസരം നൽകുന്നത് ഉചിതമെന്ന് കണ്ടെത്തിയും ടിയാന്റെ രണ്ട് ഇൻക്രിമെന്റ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുവെക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ സസ്പെൻഷൻ ഉടൻ പ്രാബല്യത്തിൽ അവസാനിപ്പിക്കുന്നതിന് തീരുമാനിച്ചു.

# <u>OUT OF AGENDA</u>

## <u>Item No. 1</u>

കാലടിയിൽ പ്രവർത്തിക്കുന്ന കെ.ടി.ഡി.സി യുടെ ഗസ്റ്റ് ഹൗസ് സർവകലാശാലയ്ക്ക് വിട്ടു കിട്ടാനുള്ള സാധ്യതകൾ ആരായുന്നത് - സംബന്ധിച്ച്.

പുതിയ കോഴ്സുകളും പഠന രീതികളും സർവകലാശാലയിൽ നടപ്പിൽ വരുത്തുമ്പോൾ സർവകലാശാല ഭൂമി വിട്ടു നൽകി കെ.ടി.ഡി.സി നിർമ്മിച്ച, കെ.ടി.ഡി.സി യുടെ ഗസ്റ്റ് ഹൗസ് സർവകലാശാലയ്ക്ക് വിട്ടു നൽകാൻ സർക്കാരിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## Item No. 2

അക്കാദമിക് കൗൺസിലിന്റെ കാലാവധി 31.01.2024 ൽ അവസാനിക്കുകയും, ബഹു. ചാൻസലർ അക്കാദമിക് കൗൺസിൽ പുനഃസംഘടിപ്പിക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലർ അംഗീകാരം നൽകിയ വിഷയങ്ങൾ സിൻഡിക്കേറ്റിൽ റിപ്പോർട്ട് ചെയ്യുന്നത് - സംബന്ധിച്ച്.

അക്കാദമിക് കൗൺസിലിന്റെ സാധൂകരണത്തിന് വിധേയമായി വൈസ് ചാൻസലർ അംഗീകാരം നൽകിയ താഴെ പറയുന്ന വിഷയങ്ങളുടെ അടിയന്തിര പ്രാധാന്യം പരിഗണിച്ച് വൈസ് ചാൻസലറുടെ നടപടികൾ അംഗീകരിക്കാൻ തീരുമാനിച്ചു.

1. Drill Bit 2023 എന്ന പ്ലാജിയാരിസം സോഫ്റ്റ്‌വെയറിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപ്പിലാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് വൈസ് ചാൻസലർ അംഗീകരിച്ച താഴെ പറയുന്നവ:-

   a) Draft of SSUS Regulation for the Promotion of Academic Integrity and Prevention of Plagiarism, 2024.

   b) നിലവിലുള്ള Ph.D റഗുലേഷനുകളിലെ Annexures VI,VII,VIII എന്നിവ Sree Sankaracharya University of Sanskrit Regulation for the Promotion of Academic Integrity and Prevention of Plagiarism, 2024 പ്രകാരം പരിഷ്കരിക്കുന്നത്.

   c) ഗവേഷക പ്രബന്ധ സമർപ്പണത്തിനുള്ള സമയം ദീർഘിപ്പിക്കുന്നതും Drill Bit 2023 എന്ന പ്ലാജിയാരിസം സോഫ്റ്റ്‌വെയറിലെ നിർദ്ദേശങ്ങളിലും മാനദണ്ഡങ്ങളിലും ഉൾപ്പെട്ട Clause 2.4 (Definition of “Core”), Clause 2.11 (Definition of “Non-Core”) and Clause 5 (Levels of Plagiarism) എന്നിവ നടപ്പിലാക്കുന്നത്.

2. സർവകലാശാലയിൽ നിലവിലുള്ള Multi Disciplinary Dual Master's in Disaster Management and Mitigation പ്രോഗ്രാമിന്റെ റഗുലേഷനിൽ ഭേദഗതി വരുത്തിയത്.
3. SSUS Regulations for Four Year Under Graduate Programme (SSUS FYUGP) 2024, SSUS Curriculam Framework for FYUGP 2024.
4. സംസ്കൃത സാഹിത്യം, വേദാന്തം, ന്യായം, വ്യാകരണം, ജനറൽ, ഭരതനാട്യം വിഭാഗങ്ങളിലെ അതാത് ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽറ്റി എന്നിവ യോഗം ചേർന്ന് അംഗീകരിച്ച ബിരുദ പ്രോഗ്രാമുകളിലെ 5,6 സെമസ്റ്ററുകളിലെ സിലബസ് പരിഷ്കരിച്ചത്.
5. യുജിസിയുടെ വിദ്യാർത്ഥി പരാതി പരിഹാര റഗുലേഷൻ 2023- സർവകലാശാലയുടെ തനത് റഗുലേഷൻ ആക്കി സർവകലാശാലയിൽ നടപ്പിലാക്കിയ സിൻഡിക്കേറ്റ് യോഗതീരുമാനം റിപ്പോർട്ട് ചെയ്തത്.
6. ഗ്രേസ് ഗ്രേഡ്/പോയിന്റ്/മാർക്ക് നിയമാവലി പരിഷ്കരിച്ചുകൊണ്ട് എടുത്ത തീരുമാനങ്ങൾ നിലവിലെ നിയമാവലിയിൽ ഉൾക്കൊള്ളിച്ചുകൊണ്ട് നിലവിലെ നിയമാവലി പരിഷ്കരിച്ചത്.
7. BA/BFA പ്രോഗ്രാമുകളുടെ Ability Enhancement Course ആയ Social Media and Cyber Ethics എന്ന നാലാം സെമസ്റ്റർ കോഴ്സിന്റെ സിലബസ് അംഗീകരിച്ചത്.

യോഗം 3.30 p.m ന് അവസാനിച്ചു.

**ഒപ്പ്**

**രജിസ്ട്രാർ ഇൻ ചാർജ്ജ്**

**ഒപ്പ്**

**വൈസ് ചാൻസലർ**